പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3574 08.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിലെ സ്റ്റാഫ് ഫിക്സേഷൻ

ചോദ്യം

ശ്രീ.മാണി.സി.കാപ്പൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ ഏതു ഘട്ടം വരെയായി എന്ന് അറിയിക്കുമോ; | (എ) യും (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽ ഖന്ന റിപ്പോർട്ടിൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെങ്ത് നിശ്ചയിക്കുന്നതിനായി ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ), എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) ഇൻ-ചാർജ്ജ്, ചീഫ് ലോ ഓഫീസർ ഇൻ-ചാർജ്ജ്, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങുന്ന സമിതിയെ 16.04.2019 ന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതി നാളിതുവരെ രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ സർവ്വീസ് ഓപ്പറേഷൻ എപ്രകാരമാണ് നടത്തുന്നതെന്ന് പരിശോധിച്ച് ഗുണപ്രദമായവ കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കുവാനുള്ള ശ്രമം അത്യാവശ്യ |
| (ബി) | സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആയത് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | ഫിക്സേഷൻ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നുള്ള വിശദാംശം നൽകുമോ ? | | |

| | | | |
|---|---|---|---|
| | | | മാണ്. ടി പരിശോധനയുടെയും വിവര ശേഖരണത്തിന്റെയും ചുമതല എക്സിക്യൂട്ടീവ് അസിസ്റ്റന്റിന് നൽകുകയും, ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ട സഹായങ്ങൾ നൽകുന്നതിന് ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) ഇൻ-ചാർജ്ജ് എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സബ് കമ്മിറ്റിയുടെ റിപ്പോർട്ട് കൂടി പരിശോധിച്ച് പ്രധാന സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി.യിൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. മേൽ നടപടികൾ ജൂൺ 2019 ന് മുമ്പായി തീർപ്പാക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിലും സാങ്കേതിക തടസ്സങ്ങൾ കാരണം നാളിതുവരെ പൂർത്തീകരിക്കാനായിട്ടില്ല. 31.12.2019 നകം പ്രസ്തുത നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച മാനദണ്ഡം നിശ്ചയിക്കുന്നത് കേഡർ റിവ്യൂ കമ്മിറ്റിയുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**